പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1261 — 01.07.2015 ൽ മറുപടിക്ക്

## ഹോട്ടലുകളിൽ വിലനിലവാര പട്ടിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ബാബു എം. പാലിശ്ശേരി:** | | **ശ്രീ. അനൂപ് ജേക്കബ്** (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | ഹോട്ടലുകളിൽ ഊണ്, ദോശ, ഇഡ്ഡലി തുടങ്ങിയ സാധാരണ ഭക്ഷണങ്ങൾക്കു പോലും കൂടിയ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഹോട്ടലുകളിൽ വിലനിലവാര പട്ടിക പ്രദർശിപ്പിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുവാൻ റെയ്ഡുകൾ നടത്തിയിട്ടുണ്ടോ; | (ബി) & (സി) | ഹോട്ടലുകളിൽ വിലനിലവാര പട്ടിക പ്രദർശിപ്പിക്കുവാൻ കർശന നിർദ്ദേശം നൽകുകയും വില പ്രദർശിപ്പിക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിലവിവര പട്ടിക പ്രദർശിപ്പിക്കാത്ത 2660 ഹോട്ടലുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ വിലനിലവാര പട്ടിക പ്രദർശിപ്പിക്കാത്ത എത്ര ഹോട്ടലുകൾക്കെതിരെ നടപടി എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | സാധാരണ ജനങ്ങൾക്ക് മിതമായ നിരക്കിൽ ഭക്ഷണപദാർത്ഥങ്ങൾ ഹോട്ടലുകളിൽനിന്നും ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ ? | (ഡി) | ഇതിനായുള്ള നിയമ നിർമ്മാണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ